പാഠം 11

# യേശു, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: എബ്രാ. 10:35–39; റോമർ 1:17; എബ്രാ. 11; യോശുവ 2:9–11; എബ്രാ. 12:1–3.**

**മനഃപാഠവാക്യം: "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു" (എബ്രാ. 12:2).**

ഒരുപക്ഷേ എബ്രാ. 11 ഉം 12 ഉം ആയിരിക്കും ആ പുസ്കത്തിലെ ഏറ്റവും ഇഷ്ടപ്പെടുന്ന അദ്ധ്യായങ്ങൾ. അവ ക്രിസ്തീയ ജീവിതത്തെ ഒരു മത്സരമായി കാണുകയും നാമെല്ലാം അതിൽ പങ്കെടുക്കുകയും വിശ്വസ്തരായിരിക്കുന്ന ഏവർക്കും പ്രതിഫലം ലഭിക്കയും ചെയ്യും. അവ വീണ്ടെടുപ്പിന്റെ സംഭവങ്ങളെയും ഒരു മത്സരമായി കാണുകയും അതിൽ മുൻകാലങ്ങളിൽ നിന്നുള്ളവർ വിശ്വാസത്തിനുവേണ്ടി സഹിക്കയും കഷ്ടങ്ങളുണ്ടായിട്ടും എന്നാൽ ഇതുവരെ പ്രതിഫലം ലഭിക്കാതിരിക്കയും ചെയ്യുന്നവർ.

അതിനു കാരണം കഥ നമ്മോടുകൂടി അവസാനിക്കുന്നതുകൊണ്ടാണ്, അവർക്ക് അപ്പുറമായതല്ല, നാമാണ് അവസാന രംഗത്ത്. ആ നാടും അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തുന്നത് നാം മത്സരത്തിൽ പങ്കുചേരുകയും അവസാന ഭാഗം ഓടുമ്പോഴുമാണ്. അന്ത്യം കുറിക്കുന്നിടത്ത് യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുമ്പോഴുമാണ്. അവൻ പ്രചോദനം നല്കുകയും അതോടൊപ്പം ഓട്ടം എങ്ങനെ ഓടണം എന്ന പരമമായ മാതൃക കാണിക്കയും ചെയ്യുന്നു. അവനാണ് പരമമായ സാക്ഷി പ്രതിഫലം സത്യമാണെന്നും നമുക്കായി പാതയൊരുക്കുന്ന മുന്നോടിയും അവനാണ് (എബ്രാ. 6:19,20; 10:19–23).

എബ്രായർ വിശദീകരിക്കുന്നത് വിശ്വാസം എന്നാൽ ദൈവവാഗ്ദത്തങ്ങളിലുള്ള ഉറപ്പാണെന്നാണ്. നമുക്ക് ഇതുവരെയും അതിന്റെ പൂർത്തീകരണം കാണാൻ കഴിഞ്ഞിട്ടില്ല എങ്കിലും. ഈ പാഠം വിശ്വാസം എന്തെന്ന് അന്വേഷിക്കയും മുൻകാലങ്ങളിലെ അനുഭവങ്ങളിലൂടെ അത് എങ്ങനെ ലഭ്യമാക്കുമെന്നും പ്രത്യേകിച്ചും മുഖ്യമായും യേശുവിന്റെ മാതൃകയിലൂടെ.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 12 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## നീതിമാന്മാർ വിശ്വാസത്താൽ ജീവിക്കും

എബ്രാ. 10:35-39 വായിക്കുക. ഈ വാക്യങ്ങളിൽ ദൈവം നമ്മോട് എന്താണ് പറയുന്നത്?

ദൈവത്തിന്റെ അന്ത്യകാല ജനങ്ങളിൽ സഹിഷ്ണുത ഒരു സവിശേഷ ഗുണമാണ്. അതില്ലാതെ അവർക്ക് വാഗ്ദത്തങ്ങൾ സ്വീകരിപ്പാൻ സാധ്യമല്ല (വെളി. 13:10; 14:12). എന്നിരുന്നാലും സഹിക്കുന്നതിന് വിശ്വാസികൾ അവരുടെ വിശ്വാസം മുറുകെ പിടിക്കണം (എബ്രാ. 10:23; 4:14). മരുഭൂ തലമുറയ്ക്ക് വാഗ്ദത്തം ലഭിക്കാൻ കഴിയാതിരുന്നത് അവരുടെ വിശ്വാസത്തിന്റെ അഭാവം കൊണ്ടാണെന്ന് പൗലൊസ് കാണിച്ചിട്ടുണ്ട് (എബ്രാ. 3:19). വാഗ്ദത്തങ്ങളുടെ നിറവേറലിന്റെ പടിവാതില്ക്കൽ ആണ് വിശ്വാസികൾ എന്ന് എബ്രായർ ചിത്രീകരിക്കുന്നു (എബ്രാ. 9:28; 10:25, 36-38) അവർക്ക് വാഗ്ദത്തങ്ങൾ ലഭിക്കണമെങ്കിൽ അവർ അവരുടെ വിശ്വാസം പ്രവൃത്തിയിൽ കൊണ്ടുവരണം (എബ്രാ. 10:39).

ഹബക്കൂക്ക് 2:2-4 ൽ നിന്നുള്ള ഒരു ഉദ്ധരണിയോടുകൂടി വിശ്വാസത്തെക്കുറിച്ചുള്ള തന്റെ വിശദീകരണം പൗലൊസ് അവതരിപ്പിക്കുന്നു. ദൈവം എന്തുകൊണ്ട് നീതിമാന്മാരെ അടിച്ചമർത്തുന്ന വഞ്ചകരെ സഹിച്ചു എന്ന് ഹബക്കൂക്ക് ദൈവത്തോട് ചോദിച്ചിട്ടുണ്ടായിരുന്നു (എബ്രാ. 1:12-17). പ്രവാചകനും അവന്റെ ജനങ്ങളും കഷ്ടപ്പെടുകയായിരുന്നു. അപ്രകാരം, ദൈവം അവർക്കുവേണ്ടി പ്രവർത്തിക്കണമെന്ന് അവർ ആഗ്രഹിച്ചു. എന്നിരുന്നാലും ദൈവം മറുപടി പറഞ്ഞത് അവന്റെ വാഗ്ദത്ത പൂർത്തീകരണത്തിന് ഒരു സമയമുണ്ടെന്നും അവർ കാത്തിരിക്കേണ്ട ആവശ്യം ഉണ്ടെന്നുമായിരുന്നു (ഹബ. 2:2-4). ഹബക്കൂക്കും അവന്റെ ജനങ്ങളും ജീവിച്ചത് നമ്മെപ്പോലെയായിരുന്നു. വാഗ്ദത്തത്തിന്റെയും അതിന്റെ പൂർത്തീകരണത്തിന്റെയും ഇടയ്ക്ക്. ദൈവത്തിന്റെ സന്ദേശം എബ്രായറിൽ തുടർന്നു: "വരുവാനുള്ളവൻ വരും, താമസിക്കയുമില്ല" (എബ്രാ. 10:37 ഉം എബ്രാ. 2:3 ഉം കാണുക).

ഈ ദൂത് യേശുവിനെ സൂചിപ്പിക്കുന്നു. അവനാണ് നീതിമാൻ വിശ്വാസത്തിന്റെ മൂർത്തീഭാവം അവൻ ദൈവത്തെ പ്രതീപ്പെടുത്തുകയും ജീവൻ നല്കുകയും ചെയ്യുന്നു (എബ്രാ. 10:5-10).

അങ്ങനെയെങ്കിൽ അവനെന്തിന് "താമസിക്കണം"? അവൻ താമസിക്കില്ല. അവൻ നേരത്തെ തന്നെ നമുക്കായി മരിക്കുവാനായി വന്നു (എബ്രാ. 9:15-26), നിയോഗിക്കപ്പെട്ട സമയത്ത് അവൻ വീണ്ടും വരും (എബ്രാ. 9:27,28; 10:25). ദൈവത്തിന്റെ ദൂത് തുടർന്നു, "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (എബ്രാ. 10:38). പൗലൊസ് ഇതേ കാര്യം റോമർ 1:17 ലും ഗലാ. 3:11 ലും പ്രസ്താവിക്കുന്നു. റോമർ 1:16,17 വിശേഷാൽ വെളിച്ചം വീശുന്നതാണ് കാരണം അത് വിശദീകരിക്കുന്നത് ദൈവത്തിന്റെ നീതി "വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു" എന്നാണ്. പൗലൊസ് അർത്ഥമാക്കുന്നതെന്തെന്നാൽ അവന്റെ വാഗ്ദത്തങ്ങളോടുള്ള ദൈവത്തിന്റെ വിശ്വസ്തതയാണ് ആദ്യം വരുന്നതെന്നും അതിന്റെ ഫലമായി അവന്റെ വിശ്വസ്തത ഉളവാക്കുന്നത് നമ്മുടെ വിശ്വാസമോ അല്ലെങ്കിൽ വിശ്വസ്തതയോ ആണ്.

അപ്രകാരം ദൈവം അവന്റെ വാഗ്ദത്തങ്ങളോട് വിശ്വസ്തനായി നിലകൊള്ളുന്നതുകൊണ്ട് (2 തിമൊ. 2:13) നീതിമാന്മാർ, വിശ്വസ്തരായി അവശേഷിക്കുകയും ചെയ്യും.

**നമ്മുടെ വിശ്വാസം ദൈവത്തിന്റെ വിശ്വസ്തതയുടെ ഫലമാണെന്നും നാം അതിൽ നിന്നും ആഹരിക്കുന്നുവെന്നും തിരിച്ചറിയേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്? നമ്മോട് അവൻ ചെയ്ത വാഗ്ദത്തങ്ങളിലും നമ്മോടുള്ള വിശ്വസ്തതയിലും കൂടുതൽ ആശ്രയിക്കുവാൻ നമുക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

## വിശ്വാസത്താൽ, അബ്രഹാം...

"ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും" എന്നാണ് എബ്രായ വിശ്വാസത്തെ നിർവ്വചിക്കുന്നത് (എബ്രാ. 11:1). പിന്നീട് യിസ്രായേലിന്റെ ചരിത്രത്തിൽനിന്ന് എന്നാണ് വിശ്വാസം എന്ന് മാതൃകയായും വിശ്വസ്തരായ മനുഷ്യരുടെ ഒരു പട്ടിക എബ്രായർ നല്കുന്നു. ആ വിശ്വാസം അവരുടെ ചെയ്തികളാൽ എങ്ങനെ വെളിപ്പെടുത്തി എന്നും അത് കാണിക്കുന്നു.

എബ്രാ. 11:1–19 വായിക്കുക. അവരുടെ വിശ്വാസത്തെ ദൃഷ്ടാന്തീകരിക്കുന്ന എന്താണ് ഈ വിശ്വാസവീരന്മാർ ചെയ്തത്? എങ്ങനെയാണ് അവരുടെ പ്രവൃത്തികൾ കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമായി ബന്ധപ്പെട്ടിരിക്കുന്നത്?

ഒരുപക്ഷേ അബ്രഹാമായിരിക്കും ഈ അദ്ധ്യായത്തിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രം. അബ്രഹാമിന്റെ അവസാന വിശ്വാസപ്രവൃത്തി വിശേഷാൽ പ്രബോധനപരമാണ്. ഇസ്ഹാക്കിനെ ഒരു യാഗമായി അർപ്പിക്കണമെന്ന് അബ്രഹാമിനോട് ദൈവം നിർദ്ദേശിച്ചതിൽ ദൈവത്തിന്റെ ഭാഗത്ത് ഒരു വൈരുദ്ധ്യം ഉണ്ടെന്ന് സൂചന എബ്രായർ ചൂണ്ടിക്കാണിക്കുന്നു (എബ്രാ. 11:17,18). യിസ്ഹാക്ക് മാത്രമായിരുന്നില്ല അബ്രഹാമിന്റെ പുത്രൻ, യിസ്മായേലായിരുന്നു ആദ്യജാതൻ. എന്നാൽ സാറായുടെ അപേക്ഷ സ്വീകരിച്ച് യിസ്മായേലിനെയും അവന്റെ അമ്മയെയും പുറത്താക്കുവാൻ ദൈവം അനുവദിച്ചു. കാരണം ദൈവം അവരെ കരുതിക്കൊള്ളും. അബ്രഹാമിന്റെ സന്തതികൾ യിസ്ഹാക്കിലൂടെ അറിയപ്പെടും (ഉല്പത്തി 21:12,13). എന്നിരുന്നാലും അടുത്ത അദ്ധ്യായത്തിൽ യിസ്ഹാക്കിനെ ഒരു ദഹനയാഗമായി അർപ്പിക്കാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെടുന്നു. ഉല്പത്തി 22 ലുള്ള ദൈവത്തിന്റെ നിർദ്ദേശങ്ങൾ ഉല്പത്തി 12–21 വരെയുള്ള വാഗ്ദത്തങ്ങൾക്ക് തികച്ചും വിരുദ്ധമായി കാണപ്പെടുന്നു.

അബ്രഹാം ആ ആശയക്കുഴപ്പത്തെ പരിഹരിച്ചത് യിസ്ഹാക്കിനെ യാഗം കഴിച്ച ശേഷം ദൈവം അവനെ ഉയിർപ്പിക്കും എന്ന കണക്കുകൂട്ടലിലാണ് എന്ന നിഗമനത്തിലാണ് എബ്രായർ എത്തിച്ചേരുന്നത്. ഇത് അത്ഭുതകരമാണ് കാരണം അതുവരെയും ആരും ഉയിർത്തിരുന്നില്ല. എന്നിരുന്നാലും ദൈവവുമായുള്ള മുൻ അനുഭവമാണ് അബ്രഹാമിനെ ആ നിഗമനത്തിലേക്ക് എത്തിച്ചത്. "മൃതപ്രായൻ" ആയവനിൽനിന്ന് ദൈവത്തിന്റെ ശക്തിയാലാണ് യിസ്ഹാക്കിനെ ഗർഭം ധരിച്ചത് എന്ന് എബ്രാ. 11:12 ചൂണ്ടിക്കാട്ടുന്നു. അബ്രഹാം "മൃതപ്രായൻ" ആയിട്ടുകൂടിയും സാറാ മച്ചിയായിരുന്നിട്ടും "സകല പ്രതീക്ഷകൾക്കും അപ്പുറമായി അവൻ അനേക ജാതികളുടെ പിതാവാകണമെന്ന് ആശിച്ചു എന്ന് പൗലൊസും ചൂണ്ടിക്കാണിക്കുന്നു. കാരണം അവൻ വിശ്വസിച്ചത് ദൈവം "ഇല്ലാത്തതിനെ ഉള്ളതായി വിളിക്കയും" (റോമർ 4:17 ഉം) ചെയ്യുന്നവനാണെന്നാണ്. അപ്രകാരം, മരിച്ചവരിൽനിന്നും നേരത്തെ തന്നെ ദൈവം യിസ്ഹാക്കിന് ജീവൻ നല്കിയെങ്കിൽ അത് അവന് വീണ്ടും ചെയ്യാനാകും. മുൻകാലത്തുള്ള ദൈവത്തിന്റെ നടത്തിപ്പിൽ ഭാവിയിൽ അവന് എന്തു ചെയ്യാനാകും എന്നതിന്റെ ഒരു സൂചന അബ്രഹാം ഊഹിച്ചിരിക്കാം.

**ഇപ്പോൾ അവനിലുള്ള ആശ്രയവും വിശ്വാസവും നിലനിർത്തുന്നതിന് മുൻ കാലങ്ങളിൽ നമ്മുടെ ജീവിതങ്ങളെ ദൈവം എങ്ങനെ നടത്തി എന്ന് ധ്യാനിക്കുന്നത് എന്തകൊണ്ട് പ്രദാനമാണ്?**

## മോശെ: അദൃശ്യമായതിൽ വിശ്വസിക്കുന്നു

എബ്രാ. 11:20–28 വായിക്കുക. ഈ വിശ്വാസവീരന്മാർ എന്തു ചെയ്തു? എങ്ങനെയാണ് അവരുടെ പ്രവൃത്തികൾ പ്രത്യാശയോടും അദൃശ്യമായ കാര്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നത്?

വിശ്വാസത്തിന്റേതായ ഈ അദ്ധ്യായത്തിൽ മോശെയാണ് രണ്ടാമത്തെ പ്രബലമായ മാതൃക. മോശെയുടെ ജീവിതം അവതരിപ്പിക്കയും ഉപസംഹരിക്കയും ചെയ്തിരിക്കുന്നത് രാജാവിനോടുള്ള ധിക്കാരത്തിന്റെ രണ്ട് പ്രവൃത്തികളിലൂടെയാണ്. അവൻ ജനിച്ചപ്പോൾ അവന്റെ മാതാപിതാക്കൾ അവനെ ഒളിപ്പിച്ചു. കാരണം "രാജാവിന്റെ കല്പന ഭയപ്പെടാതെ" (എബ്രാ. 11:23). പിന്നീട് മോശെ മിസ്രയീം വിട്ടുപോയി "രാജാവിന്റെ കോപം ഭയപ്പെടാതെ" (എബ്രാ. 11:27). എന്നിരുന്നാലും മോശെയുടെ ഏറ്റവും സവിശേഷമാർന്ന പ്രവൃത്തി എന്നത് "ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിച്ചു" (എബ്രാ. 11:24). മോശെയുടെ പോറ്റമായ "ഫറവോന്റെ പുത്രി" എന്ന പ്രതിപാദിക്കുന്നത് സൂചിപ്പിക്കുന്നതെന്തെന്നാൽ മോശെ അടുത്ത ഫറവോനായി നിയോഗിക്കപ്പെടേണ്ടവനായിരുന്നു എന്നാണ്. എന്നിരുന്നാലും മോശെ, അന്നത്തെ ഏറ്റവും പ്രബലമായ രാഷ്ട്രത്തിന്റെ ഭരണാധികാരിയായി മാറാവുന്ന സാധ്യതയെ തള്ളിക്കളഞ്ഞ് പകരമായി, പുതുതായി സ്വതന്ത്രരാക്കപ്പെട്ട അടിമകളുടെ നേതാവായിത്തീരുവാൻ തീരുമാനിച്ചു. യഥാർത്ഥത്തിൽ അഭയാർത്ഥികൾ.

**എബ്രാ. 11:24–27 ഉം എബ്രാ. 10:32–35 ഉം താരതമ്യം ചെയ്യുക എബ്രായരുടെ ആദിമ സ്വീകർത്താക്കളും മോശെയുടെ അനുഭവവും തമ്മിലുള്ള സാഹചര്യത്തിന്റെ സമാനതകൾ എന്തെല്ലാമായിരുന്നു?**

മോശെയുടെ മഹത്വം എന്തെന്നാൽ മിസ്രയീമിലെ രാജാവിന്റെ വാഗ്ദാനങ്ങൾക്ക് അപ്പുറത്തേക്ക് അദൃശ്യമായത് കാണാനാകുകയും ചെയ്തു എന്നതാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങളിലേക്ക് എബ്രായർ പറയുന്നത് സുപ്രധാനമായ കാര്യം മോശെയുടെ ദൃഷ്ടി "പ്രതിഫലത്തിൽ" പതിച്ചിരുന്നു. മിസ്രയീമിന്റെ സമ്പത്തിലായിരുന്നില്ല ഈ പ്രതിഫലം എന്നത് ദൈവം അവനിൽ വിശ്വസിക്കുന്ന ഏവനും നല്കാമെന്ന് വാഗ്ദത്തം ചെയ്ത എബ്രായർ 10:35 ലെ അതേ മഹാപ്രതിഫലമാണ്.

മോശെയുടെ തീരുമാനത്തെക്കുറിച്ചുള്ള പൗലൊസിന്റെ വാക്കുകൾ അവന്റെ ആദിമ വായനക്കാരുടെ ഹൃദയങ്ങളിൽ ശക്തമായി പ്രതിധ്വനിച്ചിരിക്കാം. അവൻ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം മുഖാന്തരം നിന്ദയും പരിഹാസവും സഹിച്ചിരിക്കാം. അവർ കഷ്ടപ്പെടുകയും സമ്പാദ്യങ്ങൾ നഷ്ടമാകയും ചെയ്തു (എബ്രാ. 10:32–34) ചിലർ കാരാഗൃഹത്തിലായി (എബ്രാ. 13:3). സമാന്തരമായി ചിന്തിച്ചാൽ മിസ്രയീമിന്റെ സമ്പത്ത് കൈമാറി ക്രിസ്തുവുമായി ബന്ധപ്പെട്ട നിന്ദ ചുമക്കാൻ ദൈവജനത്തോടൊത്ത് കഷ്ടം സഹിക്കാൻ തിരഞ്ഞെടുത്തു. കാരണം മിസ്രയീമിന് നല്കാൻ കഴിയുന്നതിനെക്കാൾ വളരെ വലുതാണ് ക്രിസ്തുവിന്റെ പ്രതിഫലമെന്ന് അവൻ വിശ്വസിച്ചു.

**നിങ്ങളുടെ വിശ്വാസം കാരണം നിങ്ങൾ നേരിട്ടിട്ടുള്ള ചില പോരാട്ടങ്ങൾ എന്തൊക്കെയാണ്? അതിനുവേണ്ടി നിങ്ങൾക്ക് എന്ത് ഉപേക്ഷിക്കേണ്ടി വന്നു? ആത്യന്തികമായി എന്തുകൊണ്ടാണ് ആ പ്രതിഫലം അത്ര മൂല്യമുള്ളതാകുന്നത്, ഇപ്പോൾ നിങ്ങൾക്കത് കാണാനാകുന്നില്ലെങ്കിലും?**

## വിശ്വാസത്താൽ, രാഹാബും മറ്റുള്ളവരും...

**എബ്രാ. 11:31 ഉം യോശുവ 2:9–11 ഉം വായിക്കുക. എന്തുകൊണ്ടാണ് പുറജാതിയും ഒരു വേശ്യയുമായ രാഹാബ് പവിത്രമായ വേദപുസ്തക കഥാപാത്രങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്ന ഈ വാക്യത്തിൽ ഉള്ളത്?**

ഒരുപക്ഷേ രാഹാബായിരിക്കും നാം എബ്രാ. 11 ൽ കാണുന്ന ഏറ്റവും അപ്രതീക്ഷിതമായ കഥാപാത്രം. പേരെടുത്ത് പറഞ്ഞിട്ടുള്ള രണ്ട് സ്ത്രീകളിൽ ഒരുവളാണ് രാഹാബ്. പട്ടികയിൽ അവൾ പത്താമതാണ്. ആദ്യം യിസ്രായേലിന്റെ ഗോത്രപിതാക്കന്മാരും മുൻപിതാക്കന്മാരും അവർ ഓരോരുത്തരും നീതിമാന്മാരായി കണക്കാക്കപ്പെട്ടിരുന്നു. നാം അവളിലേക്കു വരുമ്പോൾ, അവൾ ഒരു സ്ത്രീ മാത്രമല്ല ഒരു പുറജാതിക്കാരിയായ ഒരു വേശ്യ ആണെന്നുകൂടി നാം കണ്ടെത്തുന്നു. ഏറ്റവും അതിശയകരമായ കാര്യം അവൾ ആ അദ്ധ്യായത്തിന്റെ പ്രമേയപരമായ കേന്ദ്രവും ഉച്ചസ്ഥിതിയും കൂടി ആണെന്നതാണ്. ആ പട്ടിക ക്രമീകരിച്ചിരിക്കുന്നത് ഒരു തനതായ രീതിയിലാണ്. ഓരോ പേരും “വിശ്വാസത്താൽ” എന്ന പദസമുച്ചയം ആവർത്തിച്ച് ഉപയോഗിച്ചുകൊണ്ടാണ്. അടിസ്ഥാനം മാതൃക “വിശ്വാസത്താൽ ഇന്ന-ഇന്ന-ആൾ-ഇന്ന-ഇന്നതൊക്കെ ചെയ്തു എന്നാണ്. അല്ലെങ്കിൽ, “വിശ്വാസത്താൽ ഇന്ന-ഇന്ന-ആൾക്ക്-ഇന്ന-ഇന്നതൊക്കെ സംഭവിച്ചു എന്നും ഈ ആവർത്തന മാതൃക “വിശ്വാസത്താൽ യോശുവ ജനങ്ങളെ വാഗ്ദത്ത നാട്ടിലേക്ക് നയിച്ചു” എന്ന അന്തിമ ഉറപ്പിച്ചുപറയൽ കേൾക്കുന്നതിന് വായനക്കാരനിൽ പ്രതീക്ഷ ഉണർത്തുന്നു.

എന്നാൽ അതല്ല വാക്യം പറയുന്നത്. പകരം യോശുവായെ മറികടന്ന്, വേശ്യ അവന്റെ സ്ഥാനത്തെത്തുന്നു. രാഹാബിനെ പരാമർശിച്ചശേഷം “ഇനി എന്ത് പറയേണ്ടൂ” (എബ്രാ. 11:32) എന്ന് പറഞ്ഞുകൊണ്ട് ആവർത്തന മാതൃക പൊടുന്നനെ നിർത്തുന്നു. പിന്നീട്, അവൻ വിശദമായി പറയാത്ത കുറെ പേരുകളും സംശയങ്ങളും ധൃതിയിൽ പൗലൊസ് കുറിക്കുന്നു.

രാഹാബിന്റെ വിശ്വാസപ്രവൃത്തി എന്തെന്നാൽ അവൾ കേട്ടു, വിശ്വസിച്ചു, അനുസരിച്ചു എന്നാണ്. അവൾ കണ്ടില്ല എങ്കിലും അവൾ മിസ്രയീമിലെ ബാധകളോ അല്ലെങ്കിൽ ചെങ്കടലിലെ വിടുതലോ അല്ലെങ്കിൽ പാറയിൽനിന്ന് വെള്ളം ഒഴുകുന്നതോ അല്ലെങ്കിൽ സ്വർഗ്ഗത്തിൽനിന്ന് അപ്പം ഇറങ്ങുന്നതോ അവൾ കണ്ടില്ല, എന്നിട്ടുകൂടി അവൾ വിശ്വസിച്ചു. അവൾ എബ്രായരുടെ സദസ്സിന് ഒരു നല്ല മാതൃകയായിരുന്നു. അവൾ യേശു പ്രസംഗിക്കുന്നതോ ഒരു അത്ഭുതം ചെയ്യുന്നതോ കണ്ടിരുന്നില്ല. നാമും ഇവയിൽ ഒന്നും തന്നെ കണ്ടിട്ടില്ല. “യെരീഹോ മതിലിന്മേൽ ജീവിച്ചിരുന്ന ഒരു വേശ്യയായിരുന്നു രാഹാബ്. ആ നഗരത്തിന്റെ പ്രതിരോധം പരിശോധിക്കാനായി അയക്കപ്പെട്ട രണ്ട് യിസ്രായേല്യ ചാരന്മാരെ അവൾ ഒളിപ്പിച്ചു. അവൾക്ക് അവരോടുള്ള ദയ നിമിത്തവും ദൈവത്തിലുള്ള അവളുടെ വിശ്വാസ പ്രസ്താവനയിലും യെരീഹോ ആക്രമിക്കപ്പെടുമ്പോൾ രാഹാബിന്റെയും അവളുടെ കുടുംബത്തിന്റെയും ജീവനുകൾ ഒഴിവാക്കപ്പെടും എന്ന് ചാരന്മാർ വാഗ്ദത്തം ചെയ്തു.” Introduction to Rahab found in E.G. White, Dausbuters of God, p. 35.

പിന്നീട് അനേകർ നേരിട്ട കഷ്ടതകളുടെ ഒരു പട്ടിക നിരത്തി പൗലൊസ് തുടരുന്നു (എബ്രാ. 11:35–38). “ഉദ്ധാരണം കൈക്കൊള്ളാതെ” (എബ്രാ. 11:35) എന്ന പദസമുച്ചയം സൂചിപ്പിക്കുന്നത് അവർക്ക് രക്ഷപ്പെടാനുള്ള സാധ്യതയുണ്ടായിരുന്നു എന്നാൽ വേണ്ട എന്ന് തിരഞ്ഞെടുത്തു എന്നാണ്. കാരണം അവരുടെ ദൃഷ്ടി ദൈവത്തിന്റെ പ്രതിഫലത്തിൽ വച്ചിരുന്നു.

**നാം ഈ കാര്യങ്ങളൊന്നും സംഭവിക്കുന്നത് കണ്ടിട്ടില്ല എങ്കിലും (ആറ് ദിന, സൃഷ്ടി, പുറപ്പാട്, ക്രിസ്തുവിന്റെ ക്രൂശ്), എന്തുകൊണ്ടാണ് അവ സംഭവിച്ചു എന്നു വിശ്വസിക്കുവാൻ അനേക നല്ല കാര്യങ്ങൾ ഉള്ളത്?**

## യേശു നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും

എബ്രാ. 12:11 വായിക്കുക. ഈ വാക്യങ്ങൾ നമ്മോട് എന്തു ചെയ്യാനാണ് ആവശ്യപ്പെടുന്നത്?

വിശ്വാസത്തെ സംബന്ധിച്ച വ്യാഖ്യാനത്തിന്റെ ഉച്ചസ്ഥിതി യഥാർത്ഥത്തിൽ വരുന്നത് എബ്രായർ 12 ൽ യേശുവുമായാണ്. പൗലൊസ് തന്റെ ലേഖനം ആരംഭിക്കുന്നത് "വരുവാനുള്ളവൻ" ആയ യേശുവിലൂടെയാണ്. അവൻ "താമസിക്കയുമില്ല" (എബ്രാ. 10:37). പൗലൊസ് അത് ഉപസംഹരിക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ "പൂർത്തിവരുത്തുന്നവനായ" യേശുവിലാണ് (എബ്രാ. 12:2). യേശുവാണ് "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും" ഇതിനർത്ഥം യേശുവാണ് വിശ്വാസം സാധ്യമാക്കുന്നതും വിശ്വാസം ജീവിതം എന്താണെന്ന് പൂർണ്ണമായി ഉൾക്കൊള്ളുന്ന മാതൃകയും യേശുവാണെന്നാണ്. യേശുവിൽ, വിശ്വാസം അതിന്റെ പൂർണ്ണ ഭാവത്തിലാകുന്നു.

മൂന്ന് അർത്ഥത്തിലെങ്കിലും യേശുവാണ് നമ്മുടെ വിശ്വാസത്തിന്റെ "ഉപജ്ഞാതാവും" (എബ്രാ. 12:2) അല്ലെങ്കിൽ നായകനും അല്ലെങ്കിൽ മുൻഗാമിയും.

ഒന്നാമതായി, പൂർണ്ണ അർത്ഥത്തിൽ ഓട്ടം തികച്ചവൻ അവൻ മാത്രമാണ്. മുൻ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടവർ ഇതുവരെ അവരുടെ ലക്ഷ്യം പൂർത്തിയാക്കിയിട്ടില്ല (എബ്രാ. 11:39,40). എന്നിരുന്നാലും യേശു സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വിശ്രമത്തിൽ പ്രവേശിക്കയും പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കയുമാണ്. നാം ഈ മറ്റുള്ളവരോടൊത്ത്, യേശുവിനോടൊത്ത് സ്വർഗ്ഗത്തിൽ വാഴും (വെളി. 20:4).

രണ്ടാമത്, വാസ്തവത്തിൽ യേശുവിന്റെ പരിപൂർണ്ണ ജീവിതമാണ് ഈ മറ്റുള്ളവരെ അവരുടെ ഓട്ടം ഓടുവാൻ സാധ്യമാക്കിയത് (എബ്രാ. 10:5–14). യേശു വന്നില്ലായിരുന്നുവെങ്കിൽ, മറ്റുള്ളവരെയെല്ലാം ഓട്ടം നിഷ്ഫലമായേനെ.

ഒടുവിൽ, നമുക്ക് വിശ്വാസമുള്ളതിന് കാരണം യേശുവാണ്. ദൈവവുമായി ഒന്നായതിനാൽ, അവൻ ദൈവത്തിന്റെ വിശ്വസ്തത നമ്മോട് പ്രകടിപ്പിച്ചു. നമ്മെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ദൈവം ഒരിക്കലും ഉപേക്ഷിച്ചില്ല. അതിനാലാണ്, ഒടുവിൽ നാം ആ പ്രതിഫലത്തിലേക്ക് എത്തിച്ചേരുന്നത്, നാം ഉപേക്ഷിക്കുന്നില്ല എങ്കിൽ യേശു സഹിഷ്ണുതയോടെ ഓടി വിശ്വസ്തനായി അവശേഷിച്ചു. നാം വിശ്വാസമില്ലാത്തവരായപ്പോൾ പോലും (2 തിമൊ. 2:13). നമ്മുടെ വിശ്വാസം അവന്റെ വിശ്വസ്തതയോടുള്ള ഒരു പ്രതികരണം മാത്രമാണ്.

അവസാനമായി, യേശുവാണ് വിശ്വാസത്തിന്റെ "പൂർത്തിവരുത്തുന്നവൻ" കാരണം എങ്ങനെയാണ് വിശ്വാസത്തിന്റെ ഓട്ടം ഓടേണ്ടതെന്നുള്ള പരിപൂർണ്ണ മാതൃകയാകുന്നു അവൻ. അവനെങ്ങനെയാണ് ഓടിയത്? സകലതും നമുക്കുവേണ്ടി ത്യജിച്ച് അവൻ സകല ഭാരങ്ങളും മാറ്റിവച്ചു (ഫിലി. 2:5–8). അവനൊരിക്കലും പാപം ചെയ്തില്ല, ഒരിക്കൽപ്പോലും. യേശു അവന്റെ ദൃഷ്ടി പ്രതിഫലത്തിൽ വച്ചു, അതായിരുന്നു അവന്റെ മുമ്പിലുണ്ടായിരുന്ന സന്തോഷം. അവന്റെ കൃപയാൽ മനുഷ്യകുലം വീണ്ടെടുക്കപ്പെടുന്നത് കാണുവാൻ. അതിനാൽ, അവൻ തെറ്റിദ്ധാരണയും ആക്ഷേപവും സഹിച്ചു. ക്രൂശിന്റെ ലജ്ജ അവൻ വഹിച്ചു (എബ്രാ. 12:2,3).

ഇപ്പോൾ, ഓടുവാനുള്ള ഊഴം നമ്മുടേതാണ്. നമ്മുടെ സ്വന്തം ശക്തിയിൽ യേശു നേടിയത് നമുക്കൊരിക്കലും നേടാനാകില്ല എങ്കിലും നമുക്ക് അവന്റെ തികഞ്ഞ മാതൃക മുമ്പിലുണ്ട്. ആയതിനാൽ അവനിലുള്ള വിശ്വാസത്താലും നമ്മുടെ കണ്ണുകൾ അവനിൽ വച്ചു (നമുക്ക് മുമ്പുള്ളവർ ചെയ്തതുപോലെ) നാം വിശ്വാസത്തോടെ മുമ്പോട്ടു പോവുക. ഒരു വലിയ പ്രതിഫലത്തിനുള്ള അവന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചുകൊണ്ട്.

## കൂടുതൽ പഠനത്തിന്:

വിശ്വാസത്താൽ നിങ്ങൾ ക്രിസ്തുവിന്റേതായിത്തീരുന്നു. വിശ്വാസത്താൽ നിങ്ങൾ അവനിൽ വളരേണ്ടതുണ്ട്. കൊടുത്തും എടുത്തും കൊണ്ട്. നിങ്ങൾ സകലതും നല്കണം. നിങ്ങളുടെ ഹൃദയം, നിങ്ങളുടെ ഇഷ്ടം, നിങ്ങളുടെ സേവനം അവന്റെ എല്ലാ നിബന്ധനകളും അനുസരിക്കേണ്ടതിന് നിങ്ങളെത്തന്നെ അവനു കൊടുക്കുക. നിങ്ങൾ സകലതും എടുക്കണം, ക്രിസ്തു സകല അനുഗ്രഹങ്ങളുടെയും പൂർണ്ണത, നിങ്ങളുടെ ഹൃദയത്തിൽ വസിക്കേണ്ടതിന്, നിങ്ങളുടെ ബലം ആയിരിക്കുവാൻ, നിങ്ങളുടെ നീതി, നിങ്ങളുടെ നിത്യ സഹായകൻ – അനുസരിക്കാനുള്ള നിങ്ങളുടെ ശക്തിയെ നല്കുക. E.G. White, Steps to Christ, p. 70.

നിങ്ങളുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തുവാനുള്ള മതിയായ തെളിവ് നല്കാതെ വിശ്വസിക്കുവാൻ ദൈവം ഒരിക്കലും ആവശ്യപ്പെടുന്നില്ല. അവന്റെ നില്പ്, അവന്റെ സ്വഭാവം, അവന്റെ വചനത്തിന്റെ സത്യം എന്നിവയെല്ലാം സ്ഥാപിതമായിരിക്കുന്നത് നമ്മുടെ യുക്തിക്ക് നിരക്കുന്ന സാക്ഷ്യങ്ങളാലാണ്. ഈ സാക്ഷ്യം ധാരാളമായുണ്ട്. എന്നിരുന്നാലും ദൈവം ഒരിക്കലും സംശയത്തിന്റെ സാധ്യത നീക്കിയിട്ടില്ല. നമ്മുടെ വിശ്വാസം തെളിവിൽ ഊന്നിയതാകണം, പ്രകടനത്തിലല്ല. സംശയിക്കാനാഗ്രഹിക്കുന്നവർക്ക് അവസരമുണ്ടാകയും അതേസമയം യഥാർത്ഥത്തിൽ സത്യം അറിയണമെന്ന് ആഗ്രഹിക്കുന്നവർക്ക് അവരുടെ വിശ്വാസം ഉറപ്പിക്കുന്നതിനാവശ്യമായ ധാരാളം തെളിവ് കണ്ടെത്തും.

പരിമിതമായ മനസ്സുകൾക്ക് അനന്തമായവന്റെ പ്രവൃത്തികളോ സ്വഭാവമോ പൂർണ്ണമായി മനസ്സിലാക്കുക അസാധ്യമാണ്. തീക്ഷ്ണമായ ബുദ്ധിജീവിക്കും ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം സിദ്ധിച്ച മനസ്സിനും ആ വിശുദ്ധനായവൻ എന്നും മർമ്മമായി അവശേഷിക്കണം. “ദൈവത്തിന്റെ അഗാധതത്വം നിനക്കു ഗ്രഹിക്കാമോ? സർവശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ? അത് ആകാശത്തോളം ഉയരമുള്ളത് നീ എന്തു ചെയ്യും; അതു പാതാളത്തെക്കാൾ അഗാധമായത്; നിനക്കെന്തറിയാം? (ഇയ്യോബ് 11:78). E.G. White, Steps to Christ, p. 105.

## ചർച്ചാചോദ്യങ്ങൾ

1. ഒരു ആദിമ ക്രിസ്തീയ പണ്ഡിതൻ ഒരിക്കൽ എഴുതി: **“credo it intelligance.”** “ഞാൻ മനസ്സിലാക്കുന്നതിനായി വിശ്വസിക്കുന്നു” എന്നതിന്റെ ലാറ്റിൻ പരിഭാഷ “നാം വിശ്വാസത്താൽ അറിയുന്നു” എന്ന് എബ്രാ. 11:3 പറയുന്നു. തിരിച്ചറിവും വിശ്വാസവും തമ്മിലുള്ള ബന്ധമെന്താണ്? എന്തുകൊണ്ടാണ് മിക്കപ്പോഴും വിശ്വാസം തിരിച്ചറിവിന് മുമ്പായി വരുന്നത്? അതായത് എന്തുകൊണ്ടാണ് നാം ചിലപ്പോഴൊക്കെ വിശ്വസത്തോടെ മുമ്പോട്ടു പോകേണ്ടത്. ആദ്യമാണെങ്കിലും നമുക്ക് തിരിച്ചിയാനാകാതെ വരുമ്പോൾ, എന്നാൽ പിന്നീട് കൂടുതൽ തിരിച്ചറിവ് വന്നുചേരും?
2. ഗ്രീക്ക് പദമായ **pistis** ന് “വിശ്വാസം” എന്നും “വിശ്വാസമില്ലായ്മ” എന്നും അർത്ഥമുണ്ട്. “വിശ്വാസത്താൽ ജീവിക്കുക” എന്നത് എന്തെന്ന് മനസ്സിലാക്കുവാൻ എന്തുകൊണ്ടാണ് രണ്ട് അർത്ഥങ്ങളും പ്രധാനമായിരിക്കുന്നത്? എങ്ങനെയാണ് എബ്രാ. 11 ലെ ജനങ്ങൾ, അവരുടെ വിശ്വസ്തതയാൽ അവരുടെ വിശ്വാസത്തിന്റെ യാഥാർത്ഥ്യം കാണിച്ചത്? അതുതന്നെ നമുക്കും എങ്ങനെ ചെയ്യാം?
3. വിശ്വാസം ദൈവത്തിന്റെ ഒരു ദാനമാണെന്ന് നാം മനസ്സിലാക്കുന്നുവെങ്കിലും (റോമർ 12:3). ആ ദാനം സ്വീകരിക്കുന്നതിലും നിലനിർത്തുന്നതിലും എന്തു പങ്കാണ് നാം വഹിക്കുന്നത്. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ?